എങ്കിൽ വിശദാംശം നൽകുമോ ; ഇതിനായി ഒരു അത്യാധുനിക കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടുതൽ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ സജ്ജമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഡാറ്റാ ബുക്ക് പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ ഹൈവേ എഞ്ചിനീയേഴ്സ് എന്നിവ വഴിയും തിരുവനന്തപുരം ഐ.എം.ജി. വഴിയും വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. സംസ്ഥാനത്ത് ഒരു അത്യാധുനിക ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇപ്പോൾത്തന്നെ വകുപ്പിന്റെ പ്രവൃത്തികളിൽ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് ഡാറ്റാ ബുക്കിന്റെ പരിഷ്കരിച്ച കരട് സർക്കാർ പരിശോധിച്ചു വരികയാണ്.

പുനർനിർമ്മാണ പ്രവൃത്തി നടക്കുന്ന പുരാതന സർക്കാർ കെട്ടിടങ്ങൾ

131 (2231) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുരാതന സർക്കാർ കെട്ടിടങ്ങൾ എത്ര എണ്ണമാണുള്ളത് ; പുനർനിർമ്മാണ ജോലികൾ നടത്തുന്നവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പുനർനിർമ്മാണ ജോലികൾ നടത്തുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ ആർക്കാണ് നൽകേണ്ടത് ; ഇപ്രകാരം ഏതെല്ലാം ഗവൺമെന്റ് സ്ഥാപനങ്ങളാണ് നൽകിയിരിക്കുന്നത് ; അവ ഏതെല്ലാം ;

(സി) വിലപ്പെട്ട വസ്തുക്കൾ സർക്കാരിലേക്ക് നൽകേണ്ടിവരുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മേൽക്കൂര പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുനർനിർമ്മാണ പ്രവൃത്തികൾ നടത്തിയപ്പോൾ അവിടെ നിന്നും ലഭിച്ച വിലപ്പെട്ട വസ്തുക്കൾ എന്തെല്ലാം : ചെമ്പ്, തകിട് തുടങ്ങിയവ പോലുള്ള വസ്തുക്കൾ ലഭിച്ചിട്ടുണ്ടോ ; എത്ര യെണ്ണം ; നീളം, വീതി, തൂക്കം ഇവ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ മേൽത്തട്ടിൽ സൂക്ഷിച്ചിരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തുന്ന 103 സർക്കാർ കെട്ടിടങ്ങളാണുള്ളത്. പുനർനിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല. അറ്റകുറ്റപ്പണികൾ മാത്രമേ നിലവിൽ നടത്തുന്നുള്ളൂ.

(ബി) പുനർനിർമ്മാണ ജോലികൾ നടത്തുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസ് അധികാരികളെയാണ് ഏൽപ്പിക്കുന്നത്.

(സി) പുതിയ പ്രവൃത്തികൾ ചെയ്യുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ ജില്ലാ കളക്ടർമാരുടെ അറിവോടെ പുരാവസ്തു വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്.

(ഡി& ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഡ്രെയിനേജുകൾ സംരക്ഷിക്കാൻ നടപടി

132 (2232) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ നഗരങ്ങളിലും കോർപ്പറേഷനുകളിലും വാഹനങ്ങളുടെ പാർക്കിംഗിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ബഹുനില കാർപാർക്കിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) തദ്ദേശ സ്ഥാപനങ്ങളും ആഭ്യന്തരവകുപ്പുമായി ചേർന്ന് പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ ; പ്രധാന റോഡുകളിൽ സബ്വേകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുനിസിപ്പൽ നഗരങ്ങളിലും കോർപ്പറേഷനുകളിലും നിലവിൽ പാർക്കിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും വികസിപ്പിക്കുന്നതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly